# കേരള സർവകലാശാല

നം. പി.ആർ.127/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## സിൻഡിക്കേറ്റ് വാർത്തകൾ

കേരള സർവകലാശാലയുടെ പരിധിയിലുള്ള സർക്കാരിതര എയ്ഡഡ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ ലഭിക്കുന്നതിന് സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടയുള്ള അഴിമതി നടക്കുന്നതായുള്ള പരാതിയെക്കുറിച്ച് അന്വേഷിക്കാൻ സിൻഡിക്കേറ്റിന്റെ ഉപസമിതിയെ ചുമതലപ്പെടുത്തി. അഡ്വ. കൃഷ്ണകുമാറാണ് ഈ ആവശ്യം സിൻഡിക്കേറ്റിൽ ഉന്നയിച്ചത്. ഡോ. പി. രാജേഷ്കുമാർ, അഡ്വ. എസ്. കൃഷ്ണകുമാർ, ജ്യോതികുമാർ ചാമക്കാല, ജോൺ തോമസ്, ഡോ. കെ. ഷാജി, ഡോ. വർഗ്ഗീസ് പേരയിൽ, ആർ മോഹന കൃഷണൻ, അഡ്വ. ജോൺസൺ എബ്രഹാം, കെ.എസ് ഗോപകുമാർ, അബ്ദുൾ റഹിം എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ.

## പി.എച്ച്.ഡി നൽകും

കേരള സർവകലാശാല അർലേൻ എസ്.എഫ് (ലോ), ഭാഗ്യ കെ.പി (ബയോടെക്നോളജി), ബെസി ഡിക്രൂസ്, ചിഞ്ചു കെ.എസ്, ഡെരി ഹോലാഡേ എം.ജി, സജിൻ ഫ്രാൻസിസ് കെ, വിദ്യ വി.ജി (കെമിസ്ട്രി), കവിത എസ് (ബയോകെമിസ്ട്രി), മറിയം കരാമി പോഷ്ഗലാനി, രാകേന്ദു എം.എൽ, മാജിദ് ജാമി, റൂബി എസ്, ശ്രീകുമാർ ടി (കൊമേഴ്സ്), രാധിക എൽ.ആർ (ഹിന്ദി), ശ്രീജ എൽ.ജി, ശാലിനി എസ്.വി, ജോജി തോമസ് (ഹിസ്റ്ററി), സോണിയ ബി (കമ്പ്യൂട്ടർ സയൻസ് ആൻഡ് ടെക്നോളജി), ശാന്തി എസ്, കുമാർ ജെ (മലയാളം), വിദ്യ പണിക്കർ എം.എസ്, ദീപ ആർ പിള്ള (സുവോളജി), വിദ്യ ജി.എസ് (ജിയോളജി), അനിൽ ജോയ് കെ, ലജി വർഗ്ഗീസ്, അനു മുകുന്ദ് (എഡ്യൂക്കേഷൻ), രാജ്മോഹനൻ ടി.പി (ഫാർമസ്യൂട്ടിക്കൽ സയൻ), സാംസൺ കെ ബേബി (ഫിസിക്സ്), വിനോദ് ഗോപാൽ വി (എൻവയോൺമെന്റൽ സയൻസ്), വിലാഷ് വി (ബോട്ടണി) എന്നിവർക്ക് പി.എച്ച്.ഡി നൽകാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## പി.ജി.ഡി.ഇ.സി ഫലം

കേരള സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തിയ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ പ്രവേശനപ്പരീക്ഷയുടെ റാങ്ക് ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അസൈൻമെന്റ് മാർക്കുകൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2014-16 ലെ പബ്ലിക് അഡ്മിനിസ്ട്രേഷൻ, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, ഹിന്ദി, സോഷ്യോളജി വിഷയങ്ങളുടെ രണ്ടാം വർഷ ഇന്റേണൽ അസൈൻമെന്റ് മാർക്കുകൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ പാളയം എസ്.ഡി.ഇ

ഓഫീസിൽ നിന്നും ലഭിക്കും. പരാതികൾ ജൂലൈ 30-നകം അതത് കോ-ഓർഡിനേറ്റർമാരെ അറിയിക്കണം.

## എം.എ ആർക്കിയോളജി ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ എം.എ ആർക്കിയോളജി (2014-16 ബാച്ച് - സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## ബി.വോക് ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ 22 മുതൽ നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.വോക് (റഗുലർ 2014 അഡ്മിഷൻ) പരീക്ഷകളുടെ ആഗസ്റ്റ് എട്ട് മുതൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ ലഭിക്കും..

## എം.ബി.എ മേഴ്സി ചാൻസ്

കേരള സർവകലാശാല ആഗസ്റ്റ് നാലിന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ (2009 സ്കീം), ആഗസ്റ്റ് അഞ്ചിന് തുടങ്ങുന്ന നാലാം സെമസ്റ്റർ (2009 സ്കീം) എം.ബി.എ മേഴ്സി ചാൻസ് പരീക്ഷയ്ക്ക് പിഴകൂടാതെ ജൂലൈ 22 (50 രൂപ പിഴയോടെ ജൂലൈ 23, 250 രൂപ പിഴയോടെ ജൂലൈ 25) വരെ അപേക്ഷിക്കാം.

## ബി.ടെക് ഫലം

കേരള സർവകലാശാല 2015 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് ആറ് വരെ ഓൺലൈൻ വഴി അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
16.07.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098